"ഭരണഭാഷ - മാതൃഭാഷ"

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 06.03.2015

E8/41989/14

## പരിപത്രം

വിഷയം :സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - വകുപ്പിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ തസ്തിക മാറ്റം വഴി നിയമനം - യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, സമ്മതപത്രം എന്നിവ സമർപ്പിക്കുന്നത് - ഭേദഗതി - സംബന്ധിച്ച്.

സൂചന :1. 02.03.2015ലെ മേൽ നമ്പർ പരിപത്രം
2. 09.01.2015ലെ സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമം നം. ഇ8/41989/14
3. 03.01.2014ലെ ഉത്തരവ് നം. സ.ഉ(പി)നം. 1/2014/ഉഭപവ
4. 19.11.2014ലെ സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമം നമ്പർ ഇ9/3400/14 (1,5,7,8,11)

സാമൂഹ്യനീതി വകുപ്പിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ഉണ്ടാകുന്ന 10% ഒഴിവിലേയ്ക്ക് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് യോഗ്യതയുടേയും സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ തസ്തിക മാറ്റം വഴി നിയമനം ലഭിക്കുന്നതിന് പി.എസ്.സി നിശ്ചയിച്ചിട്ടുള്ള യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്നും ഓപ്ഷൻ ക്ഷണിച്ചുകൊണ്ട് സൂചന (1) പ്രകാരം പരിപത്രം നൽകിയിരുന്നു. എന്നാൽ സൂചന (2) പ്രകാരം ബൈ ട്രാൻസ്ഫർ നിയമനത്തിനായി എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ മാത്രമാണ് സംവരണം ചെയ്ത് ഉത്തരവായിട്ടുള്ളത്. ആയതിനാൽ മേൽ പരാമർശിച്ച ജില്ലകളിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ജോലി നോക്കുന്നവരും സൂചന (4)ലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരുമായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ മാത്രം നിശ്ചിത സമയത്തിനുള്ളിൽ സൂചന (1)ലെ പരിപത്രത്തിൽ പരാമർശിച്ചത് പ്രകാരം രേഖകൾ കാര്യാലയമേധാവി മുഖേന ഹാജരാക്കിയാൽ മതിയാകും എന്ന വ്യവസ്ഥയിൽ സൂചന (1)ലെ പരിപത്രം ഭേദഗതി ചെയ്യുന്നു.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

എല്ലാ ജില്ലാ കീഴ്കാര്യാലയ മേധാവികൾക്കും

SK/15